കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എടപ്പറ്റ ഗ്രാമപഞ്ചായത്തിലെ കൃഷിഭവൻ പൊളിച്ചു മാറ്റുന്നതിന് സർക്കാർ ഏർപ്പെടുത്തിയ സ്റ്റേ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 1198/15/തസ്വഭവ തിരുവനന്തപുരം, തീയതി : 21.04.2015

---

പരാമർശം-
1. പഞ്ചായത്ത് ഡയറക്ടറുടെ 09.10.2014 ലെ സി1-36048/14 നം. നടപടി ഉത്തരവ്
2. എടപ്പറ്റ ഗ്രാമപഞ്ചായത്തിലെ 7,9,15 വാർഡ് മെമ്പർമാരായ യഥാക്രമം ശ്രീ.മണ്ണിൽ ഹുസൈൻ, ശ്രീമതി. സഫിയാ വലിയാട്ടിൽ, ശ്രീമതി.സലീന.സി.എച്ച് എന്നിവർ 17.12.2014 തീയതിയിൽ ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയ്ക്ക് നൽകിയ നിവേദനം .
3. 18.12.2014 തീയതിയിലെ 80972/ഡിബി2/14/തസ്വഭവ നമ്പർ സർക്കാർ കത്ത്.
4. എടപ്പറ്റ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22.12.2004, 06.01.2015, 16.03.2015 തീയതികളിലെ അപേക്ഷകൾ
5. **WP(C)** 1006/2015 **A** യിലെ 20/01/2015 ലെ ബഹു.ഹൈകോടതി വിധി
6. എടപ്പറ്റ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ 07.12.2015, 12.03.2015 തീയതികളിലെ കത്തുകൾ.

## ഉത്തരവ്

എടപ്പറ്റ ഗ്രാമപഞ്ചായത്തിൽ മുമ്പ് കൃഷി ഭവൻ പ്രവർത്തിച്ചിരുന്ന കെട്ടിടം പൊളിച്ചു മാറ്റുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്ത് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ എടപ്പറ്റ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ നിർണയിച്ച വാല്യൂവേഷൻ തുകയിൽ കുറയാത്ത തുകയ്ക്ക് ടി കെട്ടിടം പരസ്യമായി ലേലം ചെയ്ത് പൊളിച്ചു മാറ്റുന്നതിന് പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അനുമതി നൽകുകയുണ്ടായി. എന്നാൽ ടി കെട്ടിടത്തിന് പൊളിച്ചു മാറ്റേണ്ട കേടുപാടുകളോ, കാലപ്പഴക്കമോ ഇല്ലെന്നും ചില വ്യക്തികളുടെ താൽപര്യ പ്രകാരം പൊളിച്ചു മാറ്റാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തതാണെന്നും കാണിച്ച് പരാമർശം (2) പ്രകാരം ലഭിച്ച പരാതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം സർക്കാർ കൃഷി ഭവൻ പ്രവർത്തിച്ചു വന്നിരുന്ന കെട്ടിടം പൊളിച്ചു മാറ്റാനുള്ള നടപടികൾ താൽക്കാലികമായി നിർത്തി വയ്ക്കാൻ നിർദ്ദേശം നൽകുകയുണ്ടായി. തുടർന്ന് ഈ വിഷയത്തിൽ 29.12.2014 തീയതിയിൽ തസ്വഭ

പ്രിൻസിപ്പിൽ സെക്രട്ടറി പരാതിക്കാരെയും, എടപ്പറ്റ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി എന്നിവരെയും നേരിൽ കേൾക്കുകയുണ്ടായി.

ഈ വിഷയത്തിൽ എടപ്പറ്റ ഗ്രാമപഞ്ചായത്ത് ഹൈക്കോടതിയിൽ ഫയൽ ചെയ്ത 1006/2015 എ.നം.റിട്ട് ഹർജിയിൽ ബഹു.ഹൈക്കോടതി പരാമർശം (5) പ്രകാരം പുറപ്പെടുവിച്ച വിധി ന്യായത്തിൽ ഈ വിഷയം തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3)ഉത്തരവിൽ രണ്ടാഴ്ചയ്ക്കുള്ളിൽ തീരുമാനമെടുക്കാൻ നിർദ്ദേശം നൽകുകയുണ്ടായി.

എടപ്പറ്റ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ പരാമർശം (6) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിന്റെയും 29.12.2014 ൽ നടത്തിയ ഹിയറിംഗിൽ ബോധ്യപ്പെട്ട വസ്തുതകളുടെയും അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. എടപ്പറ്റ കൃഷി ഭവൻ പ്രവർത്തിച്ചു വന്നിരുന്ന കെട്ടിടത്തിന് 22 വർഷത്തെ പഴക്കമുണ്ടെന്നും കോൺക്രീറ്റ് റൂഫിന് മുകളിൽ ചോർച്ച ഒഴിവാക്കുന്നതിന് താൽക്കാലിക അറ്റകുറ്റ പണികൾ നടത്തി വരുന്നതിനാൽ ടി കെട്ടിടത്തിന്റെ ഇനിയുള്ള ആയുസ്സ് നിർണ്ണയിക്കാൻ സാധ്യമല്ലെന്നും, ഐ.എസ്.ഒ സർട്ടിഫിക്കറ്റ് ലഭിച്ച ഗ്രാമപഞ്ചായത്ത് എന്ന നിലയിൽ എടപ്പറ്റ ഗ്രാമപഞ്ചായത്തിന് കൂടുതൽ സൗകര്യങ്ങൾ ആവശ്യമുള്ളതിനാൽ 2013-14, 2014-15 വാർഷിക പദ്ധതിയിൽപ്പെടുത്തി പ്രസ്തുത കെട്ടിടത്തിന്റെ പുറകിലായി ഓഫീസ് വിപുലീകരത്തിനായി 'രാജീവ് ഗാന്ധി സേവാ കേന്ദ്രം' കെട്ടിടത്തിന്റെ പണി പിരോഗമിച്ചു കൊണ്ടിരിക്കുകയാണെന്നും ആയതിന്റെ അനുബന്ധ കെട്ടിടങ്ങളായി ഓഡിറ്റോറിയം. പാർക്കിംഗ് സൗകര്യങ്ങളോടു കൂടിയ കെട്ടിടം (2014-15, പ്രോനം.260,262) നിർമ്മിക്കണമെങ്കിൽ നിലവിലെ പഴയ കെട്ടിടം പൊളിച്ചു മാറ്റിയാൽ മാത്രമേ സാധിക്കുകയുള്ളുവെന്നും കൃഷി ഭവൻ ഓഫീസിനു വേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുകയും ടി ഓഫീസ് പൂർണമായും പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുകയും ചെയ്തിട്ടുണ്ടെന്നും പൊളിച്ചു മാറ്റേണ്ടതായ കെട്ടിടത്തിൽ നിലവിൽ യാതൊരു ഓഫീസുകളും പ്രവർത്തിക്കുന്നില്ല എന്നും പഞ്ചായത്തിന്റെ ആവശ്യം പരിഗണിക്കാവുന്നതാണെന്നും എടപ്പറ്റ അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ വസ്തുതകൾ പരിശോധിച്ചതിൽ എടപ്പറ്റ ഗ്രാമപഞ്ചായത്തിലെ കൃഷിഭവൻ പ്രവർത്തിച്ചു വരുന്ന കെട്ടിടം പൊളിച്ചു മാറ്റുന്നതിന് പരാമർശം (1) പ്രകാരം നൽകിയ അനുമതിയ്ക്കെതിരെ പരാമർശം (3) പ്രകാരം സർക്കാർ ഏർപ്പെടുത്തിയ താൽക്കാലിക വിലക്ക് തുടരേണ്ടതില്ലായെന്ന് കണ്ടതിനാൽ

പരാമർശം (3) പ്രകാരം സർക്കാർ പുറപ്പെടുവിച്ച വിലക്ക് നീക്കി പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി കെട്ടിടം പൊളിച്ച് മാറ്റുന്നതിന് എടപ്പറ്റ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി പരാമർശം (5) ലെ ഹൈക്കോടതി വിധി നടപ്പിലാക്കി ഇതിനാൽ ഉത്തരവാകുന്നു.

( ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
കെ.എസ്.ശോഭന
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം(ആമുഖ കത്ത് സഹിതം)
സെക്രട്ടറി, എടപ്പറ്റ ഗ്രാമപഞ്ചായത്ത്
അസിസ്റ്റന്റ് എഞ്ചിനീയർ, എടപ്പറ്റ ഗ്രാമപഞ്ചായത്ത്
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ), തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ